കേന്ദ്ര ഗവണ്മെന്റ്

നിയമ, ന്യായ, കമ്പനി കാര്യ മന്ത്രാലയം

# കാസികൾ ആക്റ്റ്, 1880

(1880-ലെ 12-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില: Rs 0-40

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കാസികൾ ആക്റ്റ്, 1880

## (1880-ലെ 12-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

3/2138/B

Rs0-40

# കാസികൾ ആക്ററ്, 1880

(1880-ലെ 12-ാം ആക്ററ്)

## കാസി ഉദ്യോഗത്തിലേയ്ക്ക് ആളുകളെ നിയമിക്കുന്നതിനുള്ള ആക്ററ്

[1880 ജൂലൈ 9 ]

1864-ലെ XI-ാം ആക്ററിൻെറ (ഹിൻദു-മുഹമ്മദ നിയമ ഉദ്യോഗസ്ഥൻമാരുടെ ഉദ്യോഗങ്ങളും, കാസി-ഉൽ-കസാത്ത്, കാസി എന്നീ ഉദ്യോഗങ്ങളും സംബന്ധിച്ച നിയമം റദ്ദാക്കുന്നതിനും, ആദ്യം പറഞ്ഞ ഉദ്യോഗങ്ങൾ നിറുത്തലാക്കുന്നതിനും ഉള്ള ആക്ററിൻെറ) ആമുഖത്താൽ (മററു സംഗതികളുടെ കൂട്ടത്തിൽ) കാസി-ഉൽ-കസാത്തിൻേറയോ നഗര-പട്ടണ-പർഗന കാസികളുടേയോ നിയമനം ഗവൺമെൻററ് നടത്തേണ്ടതാണെന്നുള്ളത്, സമീചീനമല്ലെന്ന് പ്രഖ്യാപിക്കപ്പെടുകയും, അതേ ആക്ററിനാൽ മുൻപറഞ്ഞ ഉദ്യോഗസ്ഥൻമാരുടെ നിയമനം ഗവൺമെൻററ് നടത്തുന്നത് സംബന്ധിച്ചുള്ള അധിനിയമങ്ങൾ റദ്ദാക്കപ്പെടുകയും ചെയ്തിരിക്കയാലും; ഇൻഡ്യയുടെ ചില ഭാഗങ്ങളിലുള്ള മുഹമ്മദീയ സമുദായത്തിൻെറ വഴക്കം, ഗവൺമെൻററ് നിയമിച്ചിട്ടുള്ള കാസികളുടെ സാന്നിദ്ധ്യത്തെ, വിവാഹങ്ങൾ നടത്തുന്നതിനും മററു ചില ചടങ്ങുകളും അടിയന്തരങ്ങളും നിർവ്വഹിക്കുന്നതിനും ആവശ്യമാക്കിയിരിക്കുകയും, അതുകൊണ്ട് കാസി ഉദ്യോഗത്തിലേക്ക് ആളുകളെ നിയമിക്കുന്നതിന് ഗവൺമെൻറിനെ വീണ്ടും അധികാരപ്പെടുത്തുന്നത് സമീചീനമായിരിക്കുകയും ചെയ്യുന്നതിനാലും ; ഇതിനാൽ താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. <u>ചുരുക്കപ്പേര്</u>.—ഈ ആക്ററിന്, കാസികൾ ആക്ററ്, 1880 എന്നു പേർ പറയാവുന്നതാണ്.

*    *    *    *    *    *

<u>തദ്ദേശവ്യാപ്തി</u>.—ഇത് ആദ്യമായി ഫോർട്ട് സെൻറ് ജോർജ്ജിലെ ഗവർണർ ഇൻ കൗൺസിൽ ഭരിക്കുന്ന രാജ്യക്ഷേത്രങ്ങളിലേക്ക് മാത്രം വ്യാപിക്കുന്നതാണ്. എന്നാൽ മറേറതെങ്കിലും സ്റേററിലെ ഗവൺമെൻറിന്, ഇത്, അപ്പോഴപ്പോൾ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിൻെറ ഭരണത്തിൻകീഴിലുള്ള രാജ്യക്ഷേത്രങ്ങളിലേക്ക് മുഴുവനുമോ അവയുടെ ഏതെങ്കിലും ഭാഗത്തിലേക്കോ വ്യാപിപ്പിക്കാവുന്നതാണ്.

2. <u>ഏതെങ്കിലും തദ്ദേശപ്രദേശത്തേക്ക് കാസികളെ നിയമിക്കാനുള്ള അധികാരം</u>.—ഏതെങ്കിലും തദ്ദേശപ്രദേശത്ത് താമസമുള്ള ഗണ്യമായത്ര മുഹമ്മദീയർ, അങ്ങനെയുള്ള തദ്ദേശപ്രദേശത്തേക്ക് ഒന്നോ അതിലധികമോ കാസികളെ നിയമിക്കണമെന്ന് ആഗ്രഹിക്കുന്നതായി ബോദ്ധ്യപ്പെടുമ്പോഴെല്ലാം, സ്റേററ് ഗവൺമെൻറിന്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള തദ്ദേശപ്രദേശത്ത് താമസമുള്ള പ്രമുഖരായ മുഹമ്മദീയരോട് ആലോചിച്ചതിനുശേഷം, തക്കതായ ഒന്നോ അതിലധികമോ ആളുകളെ തിരഞ്ഞെടുക്കുകയും, അയാളേയോ, അവരേയോ, അങ്ങനെയുള്ള തദ്ദേശപ്രദേശത്തേയ്ക്ക് കാസികളായി നിയമിക്കുകയും ചെയ്യാവുന്നതാണ്.

ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും ആളെ കാസിയായി ശരിയായി നിയമിച്ചിട്ടുള്ളതാണോ എന്ന് ഏതെങ്കിലും പ്രശ്നം ഉൽഭവിക്കുന്നുവെങ്കിൽ, സ്റേററ് ഗവൺമെൻറിൻെറ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്.

സ്റേററ് ഗവൺമെൻറിന്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, ഈ വകു
പ്പിൻകീഴിൽ നിയമിതനായ ഏതു കാസിയാണോ തൻെറ ഉദ്യോഗത്തിൻെറ
നിർവ്വഹണത്തിൽ ഏതെങ്കിലും നടപടിദൂഷ്യത്തിന് അപരാധിയാവുകയോ,
അല്ലെങ്കിൽ തന്നെ നിയമിച്ചിട്ടുള്ള തദ്ദേശപ്രദേശത്ത് തുടർച്ചയായ ആറു മാസ
കാലം അസന്നിഹിതനാവുകയോ, അല്ലെങ്കിൽ മററവിടെയെങ്കിലും താമസി
ക്കുന്നതിനുവേണ്ടി അങ്ങനെയുള്ള തദ്ദേശപ്രദേശം വിട്ടുപോവുകയോ, അല്ലെ
ങ്കിൽ നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ, അല്ലെങ്കിൽ ഉദ്യോഗത്തിൽ
നിന്ന് ഡിസ്ചാർജ്ജ് ചെയ്യപ്പെടാനാഗ്രഹിക്കുകയോ, അല്ലെങ്കിൽ ഉദ്യോഗ
ത്തിൻെറ കർത്തവ്യങ്ങൾ നിറവേററുവാൻ വിസമ്മതിക്കുകയോ അതിന്
സ്റേററ് ഗവൺമെൻറിൻെറ അഭിപ്രായത്തിൽ പററിയവനല്ലാതാവുകയോ
വ്യക്തിപരമായി കഴിവില്ലാത്തവനാകുകയോ ചെയ്യുകയോ ചെയ്യുന്നത്, അങ്ങ
നെയുള്ള ഏതു കാസിയേയും സസ്പെൻഡ് ചെയ്യുകയോ നീക്കം ചെയ്യുകയോ
ചെയ്യാവുന്നതാണ്.

3. നായിബ്കാസികൾ.—ഈ ആക്ററിൻകീഴിൽ നിയമിതനായിട്ടുള്ള ഏതെങ്കിലും കാസിക്ക്, തന്നെ നിയമിച്ചിട്ടുള്ള തദ്ദേശപ്രദേശത്ത് എല്ലായിടത്തുമോ, അതിൻെറ ഏതെങ്കിലും ഭാഗത്തോ തൻെറ ഉദ്യോഗം സംബന്ധിച്ച വിഷയങ്ങളിൽ എല്ലാത്തിനുമോ, അവയിൽ ഏതിലെങ്കിനുമോ തൻെറ സ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ഒന്നോ അതിലധികമോ ആളുകളെ തൻെറ നായിബോ നായിബുകളോ ആയി നിയമിക്കാവുന്നതും, അപ്രകാരം നിയമിക്കപ്പെടുന്ന ഏതെങ്കിലും നായിബിനെ സസ്പെൻഡ് ചെയ്യുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതുമാണ്.

ഏതെങ്കിലും കാസിയെ 2-ാം വകുപ്പിൻകീഴിൽ സസ്പെൻഡുചെയ്യുകയോ നീക്കംചെയ്യുകയോ ചെയ്യുമ്പോൾ, അയാളുടെ നായിബോ നായിബുകളോ ആരെങ്കിലും ഉണ്ടെങ്കിൽ അതതുസംഗതിപോലെ, സസ്പെൻററ് ചെയ്യപ്പെട്ടതായോ നീക്കംചെയ്യപ്പെട്ടതായോ കരുതപ്പെടുന്നതാകുന്നു.

4. ഈ ആക്ററിലെ യാതൊന്നും ജുഡീഷ്യലോ ഭരണപരമോ ആയ അധികാരങ്ങൾ നല്കുകയോ കാസിയുടെ സാന്നിദ്ധ്യം ആവശ്യമാക്കുകയോ, ആരെയെങ്കിലും കാസിയായി പ്രവർത്തിക്കുന്നതിൽനിന്നു തടയുകയോ ചെയ്യുന്നില്ലെന്ന്.—ഇതിൽ അടങ്ങിയ യാതൊന്നും, ഇതിൻകീഴിൽ ചെയ്തിട്ടുള്ള യാതൊരു നിയമനവും—

(ക) ഇതിൻകീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കാസിക്കോ നായിബ് കാസിക്കോ, ഏതെങ്കിലും ജുഡീഷ്യലോ ഭരണപരമോ ആയ അധികാരങ്ങൾ നല്കുകയോ ; അല്ലെങ്കിൽ

(ഖ) ഒരു കാസിയുടേയോ നായിബ് കാസിയുടേയോ സാന്നിദ്ധ്യം, ഏതെങ്കിലും വിവാഹം നടത്തുന്നതിനോ ഏതെങ്കിലും ചടങ്ങിൻേറയോ അടിയന്തരത്തിൻേറയോ നിർവ്വഹണത്തിലോ ആവശ്യമാക്കുകയോ ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ആളെ കാസിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ നിന്ന് തടയുകയോ ;

ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

———